**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1825** **10.03.2020** - ൽ മറുപടിയ്ക്ക്

# വയോജനങ്ങളുടെ ആരോഗ്യ പരിപാലന പദ്ധതികൾ

ചോദ്യം

ശ്രീ.എം.സ്വരാജ്

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി എന്തെങ്കിലും പ്രത്യേകമായ പദ്ധതികൾ/പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി, സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിര വച്ച് പിടിപ്പിച്ചു കൊടുക്കുന്ന മന്ദഹാസം പദ്ധതി, സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയിലൂടെ പ്രയോജനം ലഭ്യമാക്കുന്ന വയോ അമൃതം പദ്ധതി. ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന മ്യൂസിക് തെറാപ്പി പദ്ധതി, കൂടാതെ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടു കൂടി 2011-ൽ വയോമിത്രം പദ്ധതി കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കി വരുന്നുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് എന്നിവ നൽകുന്നുണ്ട്. ആദ്യഘട്ടമായി കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ 91 നഗര സഭാ പ്രദേശത്തും 3 റൂറൽ ബ്ലോക്കിലും വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. |
| (സി) | ഈ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | നിലവിൽ വയോജനങ്ങൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ അർഹരായ കൂടുതൽ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**